കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# മുസ്ലീം വിവാഹ വിഘടന ആക്റ്റ്, 1939

(1939-ലെ 7-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# മുസ്ലീം വിവാഹ വിഘടന ആക്ററ്, 1939

## (1939-ലെ 7-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# മുസ്ലീം വിവാഹ വിഘടന ആക്ററ്, 1939

(1939-ലെ 8-ാം നമ്പർ ആക്ററ്)

[1939 മാർച്ച് 17]

**മുസ്ലീം നിയമത്തിൻ കീഴിൽ വിവാഹിതരായ സ്ത്രീകളുടെ വിവാഹത്തിൻെറ വിഘടനത്തിനുള്ള കേസ്സുകൾ സംബന്ധിച്ച മുസ്ലീം നിയമവ്യവസ്ഥകൾ സഞ്ചയിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിനും വിവാഹിതയായ ഒരു മുസ്ലീം സ്ത്രീയുടെ ഇസ്ലാം പരിത്യജനത്തിനു അവളുടെ വിവാഹബന്ധത്തിൻ മേലുള്ള പ്രഭാവത്തെക്കുറിച്ചുള്ള സംശയങ്ങൾ നീക്കം ചെയ്യുന്നതിനും ഉള്ളആക്ററ്.**

മുസ്ലീം നിയമത്തിൻ കീഴിൽ വിവാഹിതരായ സ്ത്രീകളുടെ വിവാഹത്തിൻെറ വിഘടനത്തിനുള്ള കേസ്സുകൾ സംബന്ധിച്ച മുസ്ലീം നിയമവ്യവസ്ഥകൾ സഞ്ചയിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതും, വിവാഹിതയായ ഒരു മുസ്ലീം സ്ത്രീയുടെ ഇസ്ലാം പരിത്യജനത്തിന് അവളുടെ വിവാഹബന്ധത്തിൻമേലുള്ള പ്രഭാവത്തെക്കുറിച്ചുള്ള സംശയങ്ങൾ നീക്കം ചെയ്യുന്നതും സമീചീനമായിരിക്കുകയാൽ ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യപ്തിയും.—(1) ഈ ആക്ററിന് മുസ്ലീം വിവാഹവിഘടന ആക്ററ്, 1939 എന്നു പേർ പറയാവുന്നതാണ്.

(2) ഇതു ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്:

2. വിവാഹവിഘടന വിധിക്കുള്ള കാരണങ്ങൾ:—നിയമത്തിൻ കീഴിൽമുസ്ലീം വിവാഹം കഴിച്ച ഒരു മുസ്ലീം സ്ത്രീക്ക് താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു കാരണത്തിൻമേലോ കൂടുതൽ കാരണങ്ങളിൻമേലോ തൻെറവിവാഹത്തിൻെറ വിഘടനത്തിനുള്ള വിധി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്, അതായത് :—

(i) ഭർത്താവ് എവിടെയാണെന്നതിനെപ്പററി നാലു വർഷമായി അറിവില്ലെന്നുള്ളത്,

(ii) ഭർത്താവ് രണ്ടുവർഷമായി തൻെറ സംരക്ഷണത്തിനു വേണ്ടതു നല്കുന്നതിൽ ഉപേക്ഷ വരുത്തിയിട്ടുണ്ടെന്നോ നല്കാതിരുന്നിട്ടുണ്ടെന്നോ ഉള്ളത്,

(iii) ഭർത്താവ് ഏഴുവർഷത്തേയ്ക്കോ അതിൽകൂടുതൽ കാലത്തേയ്ക്കോ ഉള്ള തടവുശിക്ഷക്ക് വിധിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത്,

(iv) ഭർത്താവ് മൂന്നു വർഷമായി, ന്യായമായ കാരണം കൂടാതെ, വൈവാഹിക കടമകൾ നിർവഹിക്കാതിരുന്നിട്ടുണ്ടെന്നുള്ളത്,

(v) ഭർത്താവ് വിവാഹസമയത്ത് ലൈംഗികസംഗത്തിന് അശക്തനായിരുന്നുവെന്നും അപ്രകാരം തുടരുന്നുവെന്നും ഉള്ളത്,

(vi) ഭർത്താവ് രണ്ടുവർഷമായി ചിത്തഭ്രമമുള്ളവനാണെന്നോ അല്ലെങ്കിൽ കുഷ്ഠരോഗമോ ഉഗ്രമായ ഗുഹ്യരോഗമോ ബാധിച്ചവനാണെന്നോ ഉള്ളത്,

(vii) അവൾ, തന്നെ പതിനഞ്ചുവയസ്സ് എത്തുന്നതിനു മുൻപ് തന്റെ പിതാവിനാലോ മറ്റു രക്ഷകർത്താവിനാലോ വിവാഹം കഴിച്ചുകൊടുക്കപ്പെട്ടതായിരിക്കെ, പതിനെട്ടുവയസ്സ് എത്തുന്നതിനുമുൻപ് താൻ വിവാഹം നിരാകരിച്ചുവെന്നുള്ളത്;

എന്നാൽ അതിന് വിവാഹം ലൈംഗികസംഗത്തോടെ പൂർത്തീകരിച്ചിട്ടുണ്ടായിരിക്കരുത്,

(viii) ഭർത്താവ് തന്നോട് ക്രൂരതയോടെ പെരുമാറുന്നു എന്നുള്ളത്, അതായത്,

(ക) തന്നെ പതിവായി കൈയേറ്റം ചെയ്യുകയോ പെരുമാറ്റത്തിലുള്ള ക്രൂരതയാൽ അങ്ങനെയുള്ള പെരുമാറ്റം ശാരീരികമായ ഉപദ്രവിക്കൽ ആകുന്നില്ലെങ്കിൽപോലും, തന്റെ ജീവിതം ക്ലേശകരമാക്കിത്തീർക്കുകയോ ചെയ്യുന്നുവെന്ന്, അല്ലെങ്കിൽ

(ഖ) ദുഷ്പേരുള്ള സ്ത്രീകളുമായി കൂട്ടുകൂടുകയോ അല്ലെങ്കിൽ കുപ്രസിദ്ധമായ ജീവിതം നയിക്കുകയോ ചെയ്യുന്നുവെന്ന്, അല്ലെങ്കിൽ

(ഗ) അസാൻമാർഗ്ഗിക ജീവിതം നയിക്കുവാൻ തന്നെ നിർബന്ധിക്കുന്നതിന് ശ്രമിക്കുന്നുവെന്ന്, അല്ലെങ്കിൽ

(ഘ) തന്റെ വസ്തു വ്യയനം ചെയ്യുകയോ അതിൻമേൽ തനിക്കു നിയമപ്രകാരമുള്ള അവകാശങ്ങൾ പ്രയോഗിക്കുന്നതിൽനിന്ന് തന്നെ തടയുകയോ ചെയ്യുന്നുവെന്ന്, അരല്ലങ്കിൽ

(ങ) തന്റെ മതപരമായ വിശ്വാസത്തിന്റേയോ ആചരണത്തിന്റേയോ പാലനത്തെ തടസ്സപ്പെടുത്തുന്നു എന്ന്, അല്ലെങ്കിൽ

(ച) അയാൾക്ക് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിൽ, തന്നോട് ഖുർആനിലെ ആദേശങ്ങൾ പ്രകാരം നീതി പൂർവകമായി പെരുമാറുന്നില്ലെന്ന്,

(ix) മുസ്ലീം നിയമത്തിൻ കീഴിൽ വിവാഹവിഘടനത്തിന് സാധുതയുള്ളതായി അംഗീകരിക്കപ്പെടുന്ന മറ്റേതെങ്കിലും കാരണം :

എന്നാൽ—

(ക) ശിക്ഷാവിധി അന്തിമമായിത്തീരുന്നതു വരെ (iii)-ാമത്തെ കാരണത്തിൻമേൽ ഉള്ള യാതൊരു വിധിയും പാസ്സാക്കാൻ പാടുള്ളതല്ല,

(ഖ) (i)—ാമത്തെ കാരണത്തിൻ മേൽ പസ്സാക്കപ്പെടുന്ന വിധി, വിധി തീയതി മുതൽ ആറുമാസക്കാലത്തേക്ക് പ്രഭാവത്തിൽ വരുന്നതല്ലാത്തതും, ആ കാലത്തിനുള്ളിൽ ഭർത്താവ് നേരിട്ടോ പ്രാധികാരം നല്കപ്പെട്ട ഏജൻറ് മുഖേനയോ ഹാജരാവുകയും തന്റെ ദാമ്പത്യ കർത്തവ്യങ്ങൾ നിർവഹിക്കാൻ ഒരുക്കമാണെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ, കോടതി മേല്പറഞ്ഞ വിധി അസ്ഥിരപ്പെടുത്തേണ്ടതും ആകുന്നു,

(ഗ) (v) -ാമത്തെ കാരണത്തിൻമേൽ ഒരു വിധി പാസ്സാക്കുന്നതിനു മുമ്പു, കോടതി ഭർത്താവിന്റെ അപേക്ഷയിൻമേൽ അയാളോടു, ഉത്തരവു ചെയ്യുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അയാളുടെ ലൈംഗികസംഗത്തിനുള്ള അശക്തി അവസാനിച്ചിരിക്കുന്നുവെന്നു കോടതിയെ ബോദ്ധ്യപ്പെടുത്തുവാൻ ഉത്തരവു പുറപ്പെടുവിക്കേണ്ടതും അങ്ങനെയുള്ള കാലത്തിനുള്ളിൽ ഭർത്താവു അപ്രകാരം കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ മേല്പറഞ്ഞ കാരണത്തിൻമേലുള്ള യാതൊരു വിധിയും പാസ്സാക്കാൻ പാടില്ലാത്തതും ആകുന്നു.

3. ഭർത്താവ് എവിടെയാണെന്ന് അറിവില്ലാതിരിക്കുമ്പോൾ ഭർത്താവിന്റെ അനന്തരാവകാശികൾക്ക് നോട്ടീസ് നല്കണമെന്ന് — 2-ാം വകുപ്പിലെ (1)-ാം ഖണ്ഡിക ബാധകമാകുന്ന ഒരു വ്യവഹാരത്തിൽ—

(ക) അന്യായം ബോധിപ്പിക്കുന്ന തീയതി ഭർത്താവു മരിച്ചുവെങ്കിൽ മുസ്ലീം നിയമത്തിൻകീഴിൽ അയാളുടെ അനന്തരാവകാശികളാകുമായിരുന്ന ആളുകളുടെ പേരുകളും മേൽവിലാസങ്ങളും അന്യായത്തിൽ പ്രസ്താവിച്ചിരിക്കേണ്ടതും,

(ഖ) അങ്ങനെയുള്ള ആളുകൾക്ക് വ്യവഹാരനോട്ടീസ് നടത്തേണ്ടതും,

(ഗ) അങ്ങനെയുള്ള ആളുകൾക്ക് ആ വ്യവഹാരത്തിൽ കേൾക്കപ്പെടാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും,

ആകുന്നു:

എന്നാൽ ഭർത്താവിനു പിതൃസഹോദരനോ, സഹോദരനോ ഉണ്ടെങ്കിൽ, അയാളോ അവരോ അവകാശികളല്ലെങ്കിൽ പോലും, കക്ഷിയായി കാണിക്കപ്പെടേണ്ടതാകുന്നു.

4. മറ്റൊരു വിശ്വാസത്തിലേക്കുള്ള പരിവർത്തനത്തിന്റെ പ്രഭാവം.— വിവാഹിതയായ ഒരു മുസ്ലീം സ്ത്രീയുടെ ഇസ്ലാം പരിത്യജനമോ അല്ലെങ്കിൽ ഇസ്ലാം അല്ലാത്ത മറ്റൊരു വിശ്വാസത്തിലേക്കുള്ള അവളുടെ പരിവർത്തനമോ സ്വയം അവളുടെ വിവാഹവിഘടനമായി പ്രാവർത്തികമാകുന്നതല്ല:

എന്നാൽ, അങ്ങനെയുള്ള പരിത്യജനത്തിനോ പരിവർത്തനത്തിനോ ശേഷം ആ സ്ത്രീക്ക് 2-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതെങ്കിലും അനുസരിച്ചു വിവാഹവിഘടനത്തിനുള്ള വിധി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിലെ വ്യവസ്ഥകൾ മറ്റൊരു വിശ്വാസത്തിൽ നിന്നു ഇസ്ലാമിലേക്കു പരിവർത്തനം ചെയ്യുകയും അവളുടെ മുൻവിശ്വാസം വീണ്ടും സ്വീകരിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയ്ക്ക് ബാധകമാകുന്നതല്ല.

5. ഡവ്വറിനുള്ള അവകാശങ്ങളെ ബാധിക്കുന്നതല്ലെന്ന്.— ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും വിവാഹിതയായ ഒരു സ്ത്രീയ്ക്ക് തന്റെ വിവാഹവിഘടനത്തിൻമേൽ ഡവ്വറോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് മുസ്ലീം നിയമത്തിൻകീഴിൽ ഉണ്ടായിരിക്കാവുന്ന ഏതെങ്കിലും അവകാശത്തെ ബാധിക്കുന്നതല്ല.

6. (1937-ലെ 26-ാം ആക്റ്റ് 5-ാം വകുപ്പിന്റെ റദ്ദാക്കൽ) റദ്ദാക്കലും ഭേദഗതിചെയ്യലും ആക്റ്റ്, 1942 (1942-ലെ 25- 2-ാം) വകുപ്പിനാലും I-ം പട്ടികയാലും റദ്ദാക്കപ്പെട്ടു.